പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1648      14.07. 2016 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. കാഷ്യർ നിയമനം

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ്. | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഊർജ്ജ വകുപ്പിൽ കെ.എസ്ഇ.ബി.കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നല്കിയെന്നും വിശദമാക്കാമോ; | (എ) 22.9.2014 ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ 12.12.2015-ലെ പി.എസ്.സി. അഡ്വൈസ് പ്രകാരം 159 പേർക്കും 10.07.2015-ലെ പി.എസ്.സി. അഡ്വൈസ് പ്രകാരം 35 പേർക്കും, സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം 5 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 11.03.2016-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം NJD വേക്കൻസിയിൽ 4 പേർക്കും, 09.05.2016-ലെ പി.എസ്.സി. അഡ്വൈസ് പ്രകാരം വിഭിന്ന ശേഷി വിഭാഗത്തിൽ 5 പേർക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത ജീവനക്കാർക്ക് യഥാസമയം പ്രൊമോഷൻ നല്കി ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി. വഴിയും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ